രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സ് വിപുലീകരിക്കാൻ നടപടി

1450. [2053] ശ്രീ. എസ്. ഗോവിന്ദ കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിലെ 'രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സ്' വിപുലീകരിക്കണമെന്ന നിവേദനം സർക്കാരിന് കിട്ടിയിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനം വിപുലീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) തിരുവനന്തപുരത്തെ 'സ്ക്കൂൾ ഓഫ് ഫൈൻ ആർട്സ്' മാതൃകയിൽ ഈ സ്ഥാപനത്തെ വികസിപ്പിക്കുന്നതിനും, അവിടെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിക്കര രവി വർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സിനെ തിരുവനന്തപുരത്തെ കോളേജ് ഓഫ് ഫൈൻ ആർട്സ് മാതൃകയിൽ ഉയർത്താൻ ഇപ്പോഴും ഉദ്ദേശമില്ല. പക്ഷെ ഇപ്പോഴുള്ള കോഴ്സുകളും നവീകരിക്കുന്നതിനും, ദൈർഘ്യം കുറക്കുന്നതിനും, പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനും നടപടി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യം ആവശ്യമുണ്ടോ എന്നും, ആവശ്യമുണ്ടെന്നുകണ്ടാൽ അങ്ങനെയുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തെക്കുറിച്ചും പര്യാലോചിക്കുന്നതാണ്.

പൊതുമേഖലയിൽ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

1451. [2054] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇപ്പോഴും ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരളാ ഗ്രന്ഥശാലാസംഘത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ

1452. [2055] ശ്രീ. കെ. സി. ജോസഫ് :
,, ജി. കാർത്തികേയൻ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. രാഘവൻ മാസ്റ്റർ :
,, പന്തളം സുധാകരൻ :
,, പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള ഗ്രന്ഥശാലാസംഘത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ പുനഃസ്ഥാപിക്കാൻ കാലതാമസം ഉണ്ടാകുന്ന കാരണങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly